(ബി) ഈ സംഗതിയെപ്പറ്റി ഇടപ്പള്ളി പോലീസ് എന്തു നടപടി നടത്തിയെന്നു പറയുവാൻ കഴിയുന്നുണ്ടോ;

(സി) യാതൊരു നടപടിയും നടത്തിയിട്ടില്ലെങ്കിൽ അതിനു കാരണമെന്തു?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉണ്ട്.

(ബി, സി) ഈ സംഗതിയെപ്പറ്റി ഗവൺമെന്റിൽനിന്നും അന്വേഷണം നടത്തിയതിന്റെ ഫലമായി ഈ ആരോപണം അബദ്ധമാണെന്നു തെളിഞ്ഞിട്ടുണ്ട്.

ശ്രീ. എ. വി. ജോസഫ്: ആരാണ് അന്വേഷണം നടത്തിയത്?

ശ്രീ. ടി. കെ. നാരായണപിള്ള: പോലീസു മുഖാന്തിരമാണ് അന്വേഷണം നടത്തിയത്.

## പോലിസിലേക്ക് പുതിയ നിയമനങ്ങൾ

* ൭൯൦. (നം ൭) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു മാനപ്പെട്ട ചീഫ് മിനിസ്റ്റർ സദയം മറുപടി നൽകുമോ.—

(എ) ൧൯൪൬-ലെ ശേഷം തിരുവിതാംകൂർ-കൊച്ചി ഐക്യസംസ്ഥാന പോലീസിലേക്ക് പുതിയ ആളുകളെ എടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര;

(ബി) അവരുടെ പരീക്ഷായോഗ്യതയെന്തു?

ശ്രീ. ടി. കെ. നാരായണപിള്ള:

(എ) ഉവ്വ്. ആകെ. ൩൩.

| | | |
|---|---|---|
| പ്രൊബേഷണറി ഹെഡ്കാൺസ്റ്റബിൾസ് | .. | ൨൪ |
| പോലീസ് കാൺസ്റ്റബിൾസ് | .. | ൯൯ |

ഹെഡ്കാൺസ്റ്റബിൾസ്

| | | |
|---|---|---|
| (ബി) ഇ. എസ്സ്. എൽ. സി. വരെ പഠിച്ചവർ | .. | ൨ |
| ഇ. എസ്സ്. എൽ. സി. പാസ്സായവരും ഇൻറർമീഡിയറ്റ് വരെ പഠിച്ചവരും | .. | ൧൫ |
| ഇൻറർമീഡിയറ്റ് പാസ്സായവരും അതിനു മുകളിൽ പഠിച്ചവരും | .. | ൩ |
| ഗ്രാഡുവേറ്റുകൾ | .. | ൨ |
| മലയാളം ൭-ാം ക്ലാസ്സിനു താഴെ പഠിച്ചവർ | | |
| ഔട്ട്റിഡൻസ്— | .. | ൻ |
| എക്സ്. പി. സ്കീം— | .. | ൫ |

പോലീസ് കാൺസ്റ്റബിൾസ്

| | | |
|---|---|---|
| ഏഴാംക്ലാസ്സു പാസ്സായവരും, ഏഴാം ക്ലാസ്സു പഠിച്ചവരും | .. | ൧൭ |
| ൬-ം, ൻ-ം ക്ലാസ്സുവരെ പഠിച്ചവർ | .. | ൩൭ (൧൫+൨) |
| തേഡ്ഫാറം, ഫോർത്ത്ഫാറം, ഫിഫ്ത്ത്ഫാറം, സിക്സ്ത്ത്ഫാറംവരെ | | |
| ൧൫ ൩ ൧൫ ൧ | | |
| ഇ. എസ്സ്. എൽ. സി. പാസ്സായവർ | .. | ൧ |

ആകെ ൨൫ + ൪൧ = ൬൬ പേർ.

## വാക്സിനേറ്റർമാർ സെൻസസെടുപ്പിൽ

* ൭൧൧. (നവ) ശ്രീ. എ. വി. ജോസഫ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സെൻസ്സസ് എടുത്തു വീട്ടുകാരെ നമ്പരിടുന്നതിനായി പറവൂർ താലൂക്കിലും വൈക്കം താലൂക്കിലും മാത്രം വാക്സിനേറ്റർമാരെ നിയോഗിക്കുവാൻ കാരണമെന്തു;

(ബി) അതുമൂലം ആ രണ്ടു താലൂക്കിലും വാക്സിനേഷൻ തല്ക്കാലം നിറുത്തിവച്ചിട്ടുണ്ടോ?



LIBRARY ARCHIVES Kerala Legislative Assembly